"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-പൊതുസർവ്വീസ്-വകുപ്പു തലവന്മാരെ പുനർനാമകരണം ചെയ്തും വിവിധ ഡയറക്ടറേറ്റുകളുടെ ആസ്ഥാനം നിശ്ചയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1611/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/09/2020

പരാമർശം:- 1 G.O(Ms)No.106/2020/LSGD ഉത്തരവ് തിയതി 17.07.2020

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.07.2020-ലെ A/97/2020/PDLSGD നമ്പർ കത്ത്.

3 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ 11.08.2020-ലെ യോഗ തീരുമാനം.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിലെ അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ പൊതുസർവീസ് രൂപീകരിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് വകുപ്പു തലവന്മാരെ പുനർനാമകരണം ചെയ്യുന്നതു സംബന്ധിച്ചും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, എൽ.എസ് .ജി.ഡി. (റൂറൽ) ഡയറക്ടറേറ്റ്,എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടറേറ്റ് എന്നീ ഓഫീസുകളുടെ ആസ്ഥാനം സംബന്ധിച്ചും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലും പരാമർശം (3)-ലെ യോഗ തീരുമാനം അനുസരിച്ചും ചുവടെ ചേർക്കും പ്രകാരം വകുപ്പു തലവന്മാരെ പുനർനാമകരണം ചെയ്തും തദ്ദേശ സ്വയംഭരണ വകുപ്പിലെ വിവിധ ഡയറക്ടറേറ്റുകളുടെ ആസ്ഥാനം നിശ്ചയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിലവിലെ പ്രിൻസിപ്പൽ ഡയറക്ടറെ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറായും പഞ്ചായത്ത് ഡയറക്ടറെ എൽ.എസ്.ജി.ഡി. (റൂറൽ) ഡയറക്ടറായും നഗരകാര്യ ഡയറക്ടറെ എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടറായും പുനർനാമകരണം ചെയ്തു കൊണ്ട് ഉത്തരവാകുന്നു.

2.നിലവിൽ സ്വരാജ് ഭവനിലെ 3 ഉം 4 ഉം നിലകളിലായി പ്രവർത്തിക്കുന്ന ഗ്രാമ വികസന കമ്മീഷണറേറ്റ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ആസ്ഥാനമായി നിശ്ചയിച്ച് ഉത്തരവാകുന്നു. നിലവിലെ ഗ്രാമവികസന കമ്മീഷണറുടെ ചേമ്പറും ഓഫീസും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ചേമ്പറും ഓഫീസുമായി പരിവർത്തനപ്പെടുത്താവുന്നതാണ്. പ്രിൻസിപ്പൽ ഡയറക്ടറേറ്റിന്റെ രൂപീകരണ പ്രവർത്തനങ്ങൾക്കായി നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഓഫീസിന് പുറമേ ഗ്രാമ വികസന കമ്മീഷണറുടെ ഓഫീസിനോട് ചേർന്ന് പ്ലാനിംഗ് & മോണിറ്ററിങ് വിഭാഗത്തിനായി മാറ്റി വച്ചിരിക്കുന്ന സ്ഥലം കൂടി ഇതോടൊപ്പം ഏറ്റെടുക്കാവുന്നതാണ്.

3.എൽ.എസ്.ജി.ഡി.(റൂറൽ) ഡയറക്ടറേറ്റ് ആയി നിലവിൽ പബ്ലിക്ക് ഓഫീസിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ഡയറക്ടറേറ്റിനെ നിശ്ചയിച്ചുകൊണ്ടും നിലവിലെ പഞ്ചായത്ത് ഡയറക്ടറുടെ ചേമ്പറും ഓഫീസും എൽ.എസ്.ജി.ഡി. (റൂറൽ) ഡയറക്റ്ററുടെ ചേമ്പറും ഓഫീസുമായി പരിവർത്തനപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

4.എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടറേറ്റ് ആയി നിലവിൽ സ്വരാജ് ഭവനിൽ പ്രവർത്തിക്കുന്ന നഗരകാര്യ ഡയറക്ടറേറ്റിനെ നിശ്ചയിച്ചുകൊണ്ടും നിലവിലെ നഗരകാര്യ ഡയറക്ടറുടെ ചേമ്പറും ഓഫീസും എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്റ്ററുടെ ചേമ്പറും ഓഫീസുമായി പരിവർത്തനപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

5.സമയ ബന്ധിതമായി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാ ചെലവുകളും വഹിക്കുന്നതിനുമായി ഗ്രമവികസന കമ്മീഷണറെ ചുമതലപ്പെടുത്തികൊണ്ടും എൽ.എസ്.ജി.ഡി. (റൂറൽ) ഡയറക്ടറേറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാ ചെലവുകളും വഹിക്കുന്നതിനുമായി പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടും എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടറേറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാ ചെലവുകളും വഹിക്കുന്നതിനുമായി നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ എൻജിനിയറിങ് വിഭാഗം)

ചെയർമാൻ, ലോക്കൽ ഗവൺമെൻറ് കമ്മീഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ.ഇ.) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻഫർമേഷൻ മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/സെക്ഷനുകൾക്കും.

File No.LSGD-ERA2/382/2018-LSGD-Part(1)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ )യുടെ പി.എ.-യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്